LIBRARY ARCHIVES Kerala Legislative Assembly

വാറ്റ് നടപ്പാക്കുന്നതുവഴി സർക്കാരിനുണ്ടാകുന്ന നേട്ടം

17 [192] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് നികുതി സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് എന്നുമുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) വാറ്റ് നടപ്പാക്കുന്നതുവഴി സർക്കാരിനുണ്ടാകുന്ന നേട്ടങ്ങളും നികുതി സമ്പ്രദായത്തിൽ വരുന്ന മാറ്റങ്ങളും വിലയിരുത്തിയിട്ടുണ്ടോ;

(ഡി) വാറ്റ്-നെ ഒരു വിഭാഗം എതിർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർ എതിർക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) വാറ്റ് സമ്പ്രദായം വരുന്നതോടെ വ്യാപാരം കൂടുതൽ സുതാര്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-4-2005 മുതൽ.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ന്യൂനപക്ഷം വരുന്ന ചില വ്യാപാരികളും സംഘടനകളും വാറ്റ് നടപ്പിൽ വരുന്നതിനെ എതിർക്കുന്നു. ഇതിന്റെ കാരണം കണ്ടെത്തുന്നതിനായി അവരുമായി ചർച്ചകൾ നടത്തിവരികയാണ്.

(ഇ) വാറ്റ് സമ്പ്രദായം വരുന്നതോടെ വ്യാപാരം കൂടുതൽ സുതാര്യമാകുമെന്ന് കരുതുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതിന് ബില്ല് മുഖേനയുള്ള വ്യാപാരം ആവശ്യമാകയാൽ സുതാര്യത കൈവരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിൽപ്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും നടപടി

18 [193] ശ്രീ. ടി. പി. രാമകൃഷ്ണൻ:
" കെ. രാധാകൃഷ്ണൻ:
" കെ. വി. കുഞ്ഞിരാമൻ:
" വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിൽപ്പന നികുതി ഇനത്തിൽ 2004-05 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന തുക എത്രയാണ്; ഇതിൽ ഇതുവരെ എന്തു തുക സമാഹരിച്ചു;